(ബി) നിലവിലുള്ള ക്ഷേമ ബോർഡുകളുടെ പേര്, ക്ഷേമനിധി ഗുണഭോക്താക്കളുടെ എണ്ണം, ക്ഷേമനിധിയിൽ നിന്നും നൽകുന്ന പ്രതിമാസ പെൻഷൻ തുകയുടെ നിരക്ക്; ഏത് തീയതിവരെ പെൻഷൻ നൽകിയിട്ടുണ്ട്; കുടിശ്ശികയുണ്ടെങ്കിൽ അത് എന്ത് തുകയ്ക്കുള്ളതാണ് എന്നീ കാര്യങ്ങൾ നിലവിലുള്ള എല്ലാ തൊഴിലാളി ക്ഷേമ ബോർഡുകളുടേയും കാര്യത്തിൽ വിശദമാക്കാമോ;

(സി) ഏതെങ്കിലും ക്ഷേമനിധിയുടെ പ്രവർത്തനം നിലച്ചുപോയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് (ബാർബർ-ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമ പദ്ധതിയിലും, അലക്കുതൊഴിലാളി ക്ഷേമപദ്ധതിയിലും മാത്രം), കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ പദ്ധതികൾ നിലവിലുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇല്ല.

പൊതുമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം

143. [143] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 2001-02 വർഷത്തിൽ സംസ്ഥാനത്ത് പൊതുമേഖലയിൽ തൊഴിൽ ചെയ്തിരുന്നവരുടെ എണ്ണം എത്രയാണ്; സംസ്ഥാന സർക്കാർ, സംസ്ഥാന അർദ്ധ സർക്കാർ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്തിരുന്നവരുടെ എണ്ണം ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) 2005-06-ലെ കണക്കു പ്രകാരം സംസ്ഥാനത്തെ പൊതുമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പൊതുമേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം വിശദമാക്കാമോ?

† അനുബന്ധം XXIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-02 സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ആയതിനാൽ 2001-ലെയും 2002-ലേയും കണക്കുകൾ പ്രത്യേകമായി ചുവടെ ചേർക്കുന്നു:

വർഷം	സംസ്ഥാന സർക്കാർ	സംസ്ഥാന അർദ്ധ സർക്കാർ	തദ്ദേശ സ്ഥാപനങ്ങൾ	ആകെ
2001	294469	140272	26341	461082
2002	289473	137714	26785	453972

(ബി) 2005-06-ലെ കണക്ക് ഇപ്പോൾ ലഭ്യമല്ല. വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 2001 മുതൽ 2005 വരെയുള്ള കണക്ക് ചുവടെ ചേർക്കുന്നു:

2001-02	..	1961
2002-03	..	2817
2003-04	..	7167
2004-05	..	5184

സുനാമിയിൽപ്പെട്ട മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും

144. [144] ശ്രീ. വി. ഡി. സതീശൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സുനാമിയിൽപ്പെട്ട് എത്ര മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും തകർന്നു; എത്ര എണ്ണത്തിന് കേടുപാടുണ്ടായി;

(ബി) എത്ര ബോട്ടിന്റെയും വള്ളത്തിന്റെയും എഞ്ചിൻ നഷ്ടപ്പെടുകയും കേടുപറ്റുകയും ചെയ്തു;

(സി) ഇത്തരത്തിൽ നഷ്ടം സംഭവിച്ചവർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്ത് കൊടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സുനാമിയിൽപ്പെട്ട് മൂന്ന് യന്ത്രവൽകൃത ബോട്ടുകൾ പൂർണ്ണമായി തകരുകയും 364 യന്ത്രവൽകൃത ബോട്ടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ 1938 വള്ളങ്ങൾ തകരുകയും 1667 വള്ളങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly